LIBRARY ARCHIVES Kerala Legislative Assembly

പ്രാദേശിക വികസനഫണ്ട് വിനിയോഗം

15 [1147] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാംഗങ്ങളുടെ പ്രാദേശിക വികസന ഫണ്ട് 2002-2003, 2003-2004 വർഷങ്ങളിൽ ഓരോ ജില്ലയിലും എത്ര രൂപ അനുവദിച്ചുവെന്നും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ബി) സാങ്കേതികമായ നടപടിക്രമങ്ങളിലെ തടസ്സങ്ങളും ഉദ്യോഗസ്ഥന്മാരുടെ ദൗർലഭ്യവുംമൂലം ഫണ്ട് ചെലവഴിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.† (കോഴിക്കോട്, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിലെ ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുവരുന്നു).

(ബി) ഇല്ല.

കുറഞ്ഞ പലിശനിരക്കിൽ എം.എൽ.എ.-മാർക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് വായ്പ

16 [1148] ശ്രീ. റോഷി അഗസ്റ്റിൻ:

,, . തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ എം.എൽ.എ.-മാർക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് വായ്പ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) നിലവിൽ എം.എൽ.എ.-മാർക്ക് കമ്പ്യൂട്ടർ നൽകുന്ന പദ്ധതി പരിഗണനയിൽ ഉണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എം.എൽ.എ.-മാർക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് അനുഭാവപൂർവ്വമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം II

ഉത്തരം

(എ) എം.എൽ.എ.-മാർക്ക് കുറഞ്ഞ പലിശനിരക്കിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് വായ്പ അനുവദിക്കുന്ന പദ്ധതി ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) നിലവിൽ പരിഗണനയിൽ ഇല്ല.

(സി) ബാധകമല്ല.

(ഡി) ഇതിൽ നയപരമായ തീരുമാനമൊന്നും ഗവൺമെന്റ് എടുത്തിട്ടില്ല.

എംപ്ലോയ്മെന്റ് ജനറേഷൻ പദ്ധതിയ്ക്ക് വിനിയോഗിച്ച തുക

17 [1149] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൊഴിലവസരങ്ങൾ ത്വരിതപ്പെടുത്തുവാൻ വേണ്ടി രൂപം നൽകിയ എംപ്ലോയ്മെന്റ് ജനറേഷൻ പദ്ധതിയ്ക്ക് വേണ്ടി എന്ത് തുക വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം എത്ര പേർക്ക് തൊഴിൽ നൽകി എന്നു ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) എംപ്ലോയ്മെന്റ് ജനറേഷൻ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകിയുരുന്നുവെങ്കിലും ടി പദ്ധതി ഇതുവരെയും നിലവിൽ വന്നിട്ടില്ല. പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള തുക

18 [1150] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കരാറുകാർക്ക് കേരള സർക്കാർ 2003-2004 സാമ്പത്തിക വർഷം എത്ര തുക കൊടുത്തുതീർക്കാനുണ്ട്;

(ബി) ബിൽ തുക ലഭിക്കാതിരിക്കുന്നതിനാൽ കരാറുകാർ മരാമത്തു പണികൾ ഏറ്റെടുക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിന് സത്വര നടപടികൾ കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly